(ഡി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.ടി.ജി.എസ്. എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ത്രിവേണി സ്റ്റോർ - നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം

92 (438) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൽ ഫണ്ടിന്റെ അപര്യാപ്തമൂലം അവശ്യസാധനങ്ങൾ ലഭ്യമാകാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും റീജിയണൽ അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങൾ ആവശ്യാനുസരണം സംഭരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഫെഡറേഷൻ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പകൾ

93 (439) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ എത്ര ശതമാനം പലിശയ്ക്കാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കൃത്യമായി കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശയിളവ് നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എത്ര ശതമാനം പലിശയിളവാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പു സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 7% പലിശയ്ക്കാണ് അനുവദിക്കുന്നത്.

(ബി&സി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പരമാവധി 3%പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡി ആയി അനുവദിക്കുന്നത്. നെൽകൃഷിക്ക് വായ്പ എടുത്ത കർഷകർക്ക് യഥാസമയം തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 7% പലിശ ഇളവായി അനുവദിക്കുന്നുണ്ട്.

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പുസാമ്പത്തികവർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കി നിൽപ്പുള്ള 37,20,954 രൂപ ഉൾപ്പടെ 1,22,77,952 രൂപ ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ 2013-14 വർഷത്തിൽ 37,56,071 രൂപ നെൽകർഷകർക്ക് പലിശ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

സുവർണ്ണ കേരളം പദ്ധതി

94 (440) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly